# പ്രതിമാസ ഫീൽഡ് വർക്ക് റിപ്പോർട്ട്

## ഒക്ടോബർ 2017

**തീയതികൾ** **01-10-2017 , 02-10-2017, 22-10-2017**

**ഫീൽഡ് സന്ദർശനം നടത്തിയ ജില്ല** ആലപ്പുഴ

**ഫീൽഡ് സന്ദർശനം നടത്തിയ പ്രദേശം** ആര്യാട്+ മാരാരിക്കുളം വടക്കു പഞ്ചായത്ത്

## ചെയ്ത പ്രവർത്തികൾ

1. ആലപ്പുഴ ജില്ലയിലെ ഒറ്റപ്പെട്ടു കിടക്കുന്ന പട്ടികവർഗ്ഗക്കാരുടെ മൈക്രോ പ്ലാൻ തയ്യാറാക്കാൻ പ്രാഥമിക വിവര ശേഖരണം നടത്തി
2. 121 വീടുകൾ സന്ദർശിച്ചു, വീട്ടുകാരുമായി ആശയവിനിമയം നടത്തി അവരുടെ പ്രധാന പ്രശ്നങ്ങൾ മനസിലാക്കി.

## മനസിലാക്കിയത്

- ഉള്ളാട സമുദായത്തിൽ പെട്ടവരായ കുടുംബങ്ങളിൽ പെട്ട തടിയുമായി ബന്ധപ്പെട്ട പ്രവർത്തിചെയ്യുന്നവരാണ് കൂടുതൽ പേരും എന്നറിയാൻ സാധിച്ചു .
- വളരെ മോശമായ അവസ്ഥയിൽ വീട്, കക്കൂസ്, കുടിവെള്ളം, ഭക്ഷണം, തൊഴിൽ, അടിസ്ഥാന സൗകര്യം തുടങ്ങിയ ഒട്ടനവധി പ്രശ്നങ്ങൾ നേരിടുന്നു ഇക്കൂട്ടർ.
- ഓരോരുത്തരുടെയും പ്രശ്നങ്ങൾ വ്യത്യസ്ത രീതിയിൽ മാത്രമേ ഇടപെടാൻ സാധിക്കുകയുള്ളു എന്ന് മനസിലാക്കി.
- വിവിധ വകുപ്പുകളുടെ ഏകോപനം ഇല്ലായ്മ ഉള്ളാട സമുദായത്തിൽ പെട്ടവരുടെ പ്രശ്നങ്ങൾ സംഗീർണമാക്കിയിട്ടുണ്ട് .
- വിദ്യാഭാസ കാര്യത്തിലും, തൊഴിൽ കാര്യത്തിലും പൊതുവെ നല്ല താല്പര്യം കാണിക്കുന്നവരെയാണ് കാണാൻ സാധിച്ചത്.
- ഒരു വകുപ്പിന് മാത്രമായി പരിഹരിച്ചെടുക്കാൻ പറ്റുന്നതല്ല അവിടുത്തെ പ്രശ്നങ്ങൾ.

- അയൽവാസികളുടെ ചൂഷണവും ഒറ്റപെടുത്തലും കൂടുതൽ അനുഭവക്കുന്നുണ്ട്, കൂടാതെ ചെറിയ രീതിയിലുള്ള വർണ വിവേചനവും നിലനിൽക്കുന്നുണ്ട്
- കുടുംബശ്രീ പ്രവർത്തനങ്ങൾ പിന്നോക്ക അവസ്ഥയിലാണ് . കൂടുതൽ കരുതലുകളും മുൻകയ്യെടുക്കലും ഇവിടെ ആവശ്യമാണ്

## തുടർ പ്രവർത്തനങ്ങൾ

- കുടുംബപരമായി വ്യക്തിഗത മൈക്രോ പ്ലാനുകൾ തയ്യാറാകണം
- ഓരോ മേഖലയെ സംബന്ധിക്കുന്ന സെക്ടർ പ്ലാനുകൾ തയ്യാറാക്കണം.
- കുടുംബശ്രീ അടിത്തറ ശക്തിപ്പെടുത്തണം.
- സി ഡി എസ് മേൽനോട്ടത്തിൽ അയൽക്കൂട്ട രൂപീകരണം , അയൽക്കൂട്ട പ്രവേശനം , ബാലസഭാ രൂപീകരണം , കൗമാര ക്ലബ് രൂപീകരണം നടത്തണം .
- കുടുംബശ്രീ അനിമേറ്റർ മാരുടെ മേൽനോട്ടത്തിൽ ആവശ്യമായ പദ്ധതി രൂപീകരണം നടത്തണം.
- ആലപ്പുഴ ജില്ലയിലെ ഒറ്റപ്പെട്ട് അധിവസിക്കുന്ന പട്ടികവർഗ കുടുംബങ്ങളുടെ അവസ്ഥയിൽ മികവുണ്ടാകാൻ ആവശ്യമായ പദ്ധതികൾ തയ്യാറാക്കി എൻ ആർ എൽ എം നു സമർപ്പിക്കണം.
- ജില്ലാമിഷൻ മുഗാന്തിരം പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ നിർദേശം നൽകിയത് കൃത്യമായി വിലയിരുത്തണം


പ്രഭാകരൻ എം

പ്രോഗ്രാം മാനേജർ -ട്രൈബൽ

കുടുംബശ്രീ സംസ്ഥാനമിഷൻ

# പ്രതിമാസ ഫീൽഡ് വർക്ക് റിപ്പോർട്ട്

## ഒക്ടോബർ 2017

| | |
|---|---|
| **തീയതി** | **17-10-2017** |
| ഫീൽഡ് സന്ദർശനം നടത്തിയ ജില്ല | കാസറഗോഡ് |
| ഫീൽഡ് സന്ദർശനം നടത്തിയ പ്രദേശം | ഉദുമ |

## ചെയ്ത പ്രവർത്തികൾ

1. ഊര് മൂപ്പന്മാരുടെ പരിശീലനം പരിപാടി വിലയിരുത്തി
2. ഊരുമൂപ്പന്മാർക്കു കുടുംബശ്രീ യിലൂടെ ഉള്ള പട്ടികവർഗ പ്രവർത്തനങ്ങൾ പഠിപ്പിച്ചു കൊടുത്തു

## മനസിലാക്കിയത്

1. ഊരുമൂപ്പൻ മാർ ഊരിലെ മികച്ച പ്രവർത്തകരാണ് , ഇവർക്ക് ആവശ്യമായ പരിശീലനം എല്ലാവരും നൽകേണ്ടതാണ്
2. ഊരുമൂപ്പൻ മാരെ ഉദ്യോഗസ്ഥർ വേണ്ടത്ര പരിഗണിക്കാത്തതിനാൽ രാഷ്ട്രീയ പരമായി ചൂഷണങ്ങൾക്ക് വിധേയമാകുന്നുണ്ട്.
3. തുടർച്ചയായി ഉന്നയിക്കുന്ന ആവശ്യങ്ങൾ പരിഹരിക്കപെടാതെയിരിക്കുമ്പോൾ ഉണ്ടാകുന്ന നിരാശ ഊരിൽ മറ്റു പ്രശനങ്ങൾക്കു വഴിയൊരുക്കൊന്നു.
4. വേണ്ടത്ര പരിഗണന കിട്ടാത്തതിനാൽ വികസന പ്രവർത്തനത്തിൽ മുൻകൈയെടുക്കാൻ ചെറിയ മടി ഉണ്ടാകുന്നു. ഇത് പ്രവൃത്തികളുടെ ഗുണഫലം കുറയ്ക്കുന്നു.

## തുടർപ്രവർത്തനങ്ങൾ

1. കുടുംബശ്രീയുടെ പട്ടികവർഗമേഖലയിലെ പ്രവർത്തനങ്ങൾ മേൽനോട്ടത്തിന് ഒരു മൂപ്പൻ മാരുടെ പിന്തുണ ഉറപ്പു വരുത്തണം

2. ഊരുകൂട്ടങ്ങൾ കുടുംബശ്രീ യുടെ സഹായത്തോടെ പ്രവർത്തന സജ്ജമാക്കണം. ഊരിലെ പ്രശ്നങ്ങൾ ചർച്ച ചെയ്തു ഉചിതമായ തീരുമാനം എടുക്കാൻ കുടുംബശ്രീ യെ ശക്തിപ്പെടുത്തണം.
3. ഊരുമൂപ്പന്മാർക്ക് മികച്ച അനുഭവങ്ങൾ കുടുംബശ്രീ മുഖാന്തിരം ലഭ്യമാക്കാൻ കൂടുതൽ അവസരങ്ങൾ ഉണ്ടാക്കണം

പ്രഭാകരൻ എം

പ്രോഗ്രാം മാനേജർ -ട്രൈബൽ

കുടുംബശ്രീ സംസ്ഥാനമിഷൻ